**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 126** **07-10-2024 - ൽ മറുപടിയ്ക്ക്**

**ശിക്ഷാ നടപടികൾക്ക് വിധേയരായ ശേഷം പോലീസ് അക്കാദമിയിൽ ജോലി നോക്കുന്നവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് വകുപ്പിൽ സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് ശേഷം സർവ്വീസിൽ തിരികെ പ്രവേശിച്ച എത്ര പേർ പോലീസ് അക്കാദമിയിൽ പ്രവൃത്തിയെടുക്കുന്നുണ്ട്; എങ്കിൽ ഈ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ അറിയിക്കാമോ; | (എ) | ജീവനക്കാരെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്യുകയും തുടർന്ന് നിശ്ചിത കാലാവധിയ്ക്ക് ശേഷം നടപടിയ്ക്ക് വിധേയമായി തിരികെ പ്രവേശിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഒരു പ്രത്യേക ഓഫീസ് അല്ലെങ്കിൽ കേന്ദ്രം ഇതിനായി പോലീസിൽ നിശ്ചയിച്ചിട്ടില്ല. സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ നിന്നും അക്കാദമിയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ ചിലർ സസ്പെൻഷന് ശേഷം നടന്ന തുടർ നിയമനമാണ്. ഇതിൽ ക്യാമ്പ് ഫോളോവർമാരും മിനിസ്റ്റീരിയൽ ജീവനക്കാരും എക്സിക്യൂട്ടീവ് - നോൺ എക്സിക്യൂട്ടീവ് വിഭാഗത്തിലുള്ളവരും ഉൾപ്പെടുന്നു. സസ്പെൻഷന് ശേഷമുള്ള ഒരു കേന്ദ്രമെന്ന് വരാത്തതിനാൽ ഇവരുടെ പേരു വിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | കേരള പോലീസ് അക്കാദമിയുടെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ എത്ര പേർ ജോലി നോക്കുന്നുവെന്നും ഇവരുടെ നിയന്ത്രണം ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണെന്നുമുള്ള വിവരങ്ങൾ പേര് സഹിതം വിശദമാക്കുമോ; | (ബി) | കേരള പോലീസ് അക്കാദമിയുടെ മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ 28 ഉദ്യോഗസ്ഥരും ഡ്രൈവിംഗ് സ്കൂളിൽ 07 ഉദ്യോഗസ്ഥരും ഉൾപ്പെടെ 35 ഉദ്യോഗസ്ഥർ ജോലി ചെയ്ത് വരുന്നു. കേരള പോലീസ് അക്കാദമിയുടെ മോട്ടോർ വിഭാഗത്തിന്റെ മേൽ നോട്ടം വഹിക്കുന്നത് ശ്രീ.നജീബ്.എസ് , സൂപ്രണ്ട് ഓഫ് പോലീസ് & അസിസ്റ്റന്റ് ഡയറക്ടർ (ടി & എം.ടി.എസ്) ആണ്. ഇതിൽ മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിന്റെ നിയന്ത്രണം വഹിക്കുന്നത് ശ്രീ.നിയാസ്.എസ് (ഇൻസ്പെക്ടർ ഓഫ് പോലീസ്), ഡ്രൈവിംഗ് സ്കൂളിന്റെ നിയന്ത്രണം വഹിക്കുന്നത് ശ്രീ.നന്ദനൻ.സി (ഗ്രേഡ് സബ് ഇൻസ്പെക്ടർ) എന്നിവരാണ്. |
| (സി) | കേരള പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ സാമ്പത്തിക ക്രമക്കേട് റിപ്പോർട്ട് ചെയ്യുന്നതിനാൽ മൂന്ന് വർഷത്തിലൊരിക്കൽ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസ് സ്റ്റാഫുകളെ മാറ്റി നിയമിക്കാറുണ്ടോ; മൂന്ന് | (സി) | മൂന്ന് വർഷത്തിൽ കൂടുതൽ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസുകളിൽ പ്രവർത്തിയെടുത്തു വരുന്ന ഉദ്യോഗസ്ഥരെ മാറ്റി നിയമിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | വർഷത്തിലധികം പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വിശദമാക്കുമോ; | | |
| (ഡി) | കേരള പോലീസിൽ, സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ, ശിക്ഷാ നടപടികൾ നേരിട്ട്, തിരികെ സർവീസിൽ വന്ന ലോക്കൽ പോലീസ് ഐ.ഒ.പി. റാങ്കിലെ ഉദ്യോഗസ്ഥനെ, മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ നിയമിച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ? | (ഡി) | കേരള പോലീസിൽ, സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ ശിക്ഷാ നടപടികൾക്ക് ശേഷം സർവ്വീസിൽ പ്രവേശിച്ച ഐ.ഒ.പി. റാങ്കിലെ ഉദ്യോഗസ്ഥനെ കേരള പോലീസ് അക്കാദമിയിലേയ്ക്ക് പുനർനിയമിച്ചിട്ടുണ്ട്. ഈ സമയം കേരള പോലീസ് അക്കാദമിയിൽ എം.ടി.ഐ.യുടെ പോസ്റ്റ് ഒഴിഞ്ഞു കിടന്നിരുന്നതിനാൽ ടിയാന് പ്രസ്തുത താൽക്കാലിക ചാർജ്ജ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ